# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി4)154/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി4)154/23 തീയ്യതി: 11/04/2023

## എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 03-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-01-2023 | 03-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ.പോളി.ടി.ഒ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ശ്രീ.പ്രസാദ്.പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീമതി.വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീ.ടിനു.കെ.ജെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.അൽഫോൺസ ഷാജൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ ഹക്കീം.യു | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ.മദുസൂദനൻ.റ്റി.ജി | സെക്രട്ടറി | 02-07-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജ.കെ.ദിവാകരൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| കെ.എ.അസ്മാബി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ബാവു.ഒ.എച്ച് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| അമ്പിളി.കെ.എം | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീജ.ജി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-08-2021 |
| ബീന പോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-09-2021 | 31-03-2022 |
| ജെയിംസ്.പി | എച്ച്.എം, ജെ.ബി.എസ് | 01-04-2021 | 07-12-2021 |
| എൽദോ.കെ.വി | എച്ച്.എം, ജെ.ബി.എസ് | 08-12-2021 | 31-03-2022 |
| അരുൺകുമാർ.കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 16-07-2021 |
| രജിത.പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2021 | 31-03-2022 |
| ജയറാണി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| എം.എസ്.സുനിൽ | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |
| സൈനബ.ഐ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-04-2021 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-05-2021 | 17-05-2021 |
| സീന ഉത്തമൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-05-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം ) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.50134 രൂപ പ്രതിവർഷം വസ്തുനികുതി നഷ്ടം | 1-11 |
| 13 | നമ്പറിട്ടതിനേക്കാൾ കൂടുതൽ നിർമ്മാണം നടത്തി ഗോഡൌൺ പ്രവർത്തിക്കുന്നു. വഴി സൌകര്യം ഇനത്തിൽ വസ്തുനികുതി വർദ്ധനവ് ചെയ്തില്ല. | 1-12 |
| 14 | പെർമിറ്റ് അനുവദിക്കപ്പെടാതെ 8200 ച.മീ തറവിസ്തീർണ്ണത്തിലധികം നിർമ്മാണം നടത്തി നികുതി ഒഴിവാക്കി സ്ഥപനം പ്രവർത്തിക്കുന്നു. | 1-13 |
| 15 | അനുവദിച്ചതിനേക്കാൾ കൂടുതൽ നിർമ്മാണം നടത്തി ഓഡിറ്റോറിയം പ്രവർത്തിക്കുന്നു. സെൻട്രലൈസ്ഡ് എ.സി ഇനത്തിൽ വസ്തുനികുതി വർദ്ധനവ് ചെയ്തില്ല. | 1-14 |
| 16 | വാടക രജിസ്റ്റർ പൂർണ്ണമല്ല | 1-15 |
| 17 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-16 |
| 18 | കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-17 |
| 19 | 9-ാം നമ്പർ അംഗൻവാടിക്കു സ്ഥലം വാങ്ങിയതിലെ അപാകത | 1-18 |
| 20 | എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ- പദ്ധതി അപാകതകൾ | 1-19 |
| 21 | പി.എം.എ.വൈ ഭവനനിർമ്മാണം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 22 | ഐ.കെ.എം പഞ്ചായത്ത് വിഹിതം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-21 |

| | | |
|---|---|---|
| 23 | വിവിധ പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചതിന്റെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല - ചെലവ് തുക 1,98,082 രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 24 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല - 49,000 രൂപ തടസ്സം | 1-23 |
| 25 | ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ 2 പ്രാവശ്യം തുക നൽകി -അധികം നൽകിയ തുക 6133 രൂപ നിരാകരിക്കുന്നു | 1-24 |
| 26 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ ആനുകൂല്യം നൽകി | 1-25 |
| 27 | ടോയ്ലെറ്റ് മെയിന്റനൻസ്- പദ്ധതി അപാകതകൾ | 1-26 |
| 28 | പദ്ധതി ആസൂത്രണത്തിലെ അപാകതകൾ | 1-27 |
| 29 | സബ് ബേസ് നിരക്ക് കണക്കാക്കിയത് അപാകത | 1-28 |
| 30 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അപാകത | 1-29 |
| ഭാഗം **2** | | |
| 1 | കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.50134/- രൂപ പ്രതിവർഷം വസ്തുനികുതി നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ 2 പ്രാവശ്യം തുക നൽകി -അധികം നൽകിയ തുക 6133/- രൂപ നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 15.02.2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 11.02.2022 തീയതിയിലെ 7-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 14,53,355 | 23,66,90,579 | 23,81,43,934 | 23,44,22,674 | 37,21,260 |

2021-22 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവുകൾ താഴെ ചേർക്കുന്നു.

| | 2021- 2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021- 2022 വാർഷിക ധനകാര്യപത്രിക ( റസീപ്റ്റ് & പേയ്മെന്റ് പത്രിക) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 23,66,90,579 | 7,27,55,771 | 16,39,34,808 |
| ചെലവ് | 23,44,22,674 | 7,23,65,616 | 16,20,57,058 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021 -22 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. ഗുണഭോക്താക്കൾക്കായി നേരിട്ട് ചെലവഴിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലെ 4,58,92,200/-രൂപ, തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 1,87,58,522/- രൂപ എന്നിവ കണക്കിലെടുത്താലും ബജറ്റും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന വിധം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 06.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 50,02,658 |
| വരവ് | 7,27,55,771 |
| ആകെ | 7,77,58,429 |
| ചെലവ് | 7,23,65,616 |
| നീക്കിയിരിപ്പ് | 53,92,813 |
| വരവിനങ്ങളിലെ നഷ്ടം | 50,134 |
| ചെലവിനങ്ങളിലെ നഷ്ടം | 6,133 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,79,281 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 84,02,408 | 84,02,408 | 81,05,325 | 2,97,083 | |
| വികസനഫണ്ട്- എസ്.സി.പി. | 0 | 29,86,240 | 29,86,240 | 27,80,464 | 2,05,776 | |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 3,89,30,221 | 3,89,30,221 | 2,78,97,009 | 1,10,33,212 | |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 48,53,420 | 48,53,420 | 41,33,506 | 7,19,914 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic | 0 | 8,82,571 | 8,82,571 | 7,60,512 | 1,22,059 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 0 | 22,63,000 | 22,63,000 | 10,03,143 | 12,59,857 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied- Bank | 0 | 1801662 | 1801662 | 1127256 | 0 | 6,74,406 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied- Bank | 0 | 27,33,316 | 27,33,316 | 27,21,675 | 0 | 11,641 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം- 320100121 | 2,82,106 | 5,04,845 | 7,86,951 | 7,28,720 | 0 | 58231 |
| -320100115-TSC | 4,67,319 | 12,00,000 | 16,67,319 | 15,00,000 | | 1,67,319 |
| 320200205- Social Welfare | 0 | 48,000 | 48,000 | 0 | 0 | 48,000 |
| 320300199- ആശ്രയ ഫണ്ട് | 3,000 | 13,33,333 | 13,36,333 | 0 | 0 | 13,36,333 |

* വികസനഫണ്ട് (ജനറൽ)-ജി.ഒ.പ്രോജക്റ്റ് തുക-9,92,333/-

** വികസനഫണ്ട് (എസ്.സി.പി)-ജി.ഒ.പ്രോജക്റ്റ് തുക-1,17,333/-

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 8,93,47,689 | 140 | 5,73,17,973 | 14 | 20 | 80.4 % |

പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്ത വർഷം സ്പിൽഓവറായി ഉൾപ്പെടുത്തി ചെയ്തുവരുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2,106 | 5,84,250 | 5,86,356 | 5,86,330 | 26 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,87,58,522 | 1,87,58,522 | 1,87,58,522 | 0 |
| ആകെ | 2,106 | 1,93,42,772 | 1,93,44,878 | 1,93,44,852 | 26 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 16,83,800 | 107 |
| വിധവാപെൻഷൻ | 1,11,46,100 | 732 |
| വാർദ്ധക്യകാലപെൻഷൻ | 2,83,45,000 | 2115 |
| വികലാംഗപെൻഷൻ | 37,67,700 | 244 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 9,49,600 | 61 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2023 തീയതിയിൽ ഉച്ചയ്ക്ക് 2.45 P.M ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23741/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പദ്ധതി ആസൂത്രണം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ല.

3. സമയബന്ധിതമായി പദ്ധതികളുടെ നിർവ്വഹണം നടക്കാത്തതിനാൽ പദ്ധതിവിഹിതം പാഴാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. പദ്ധതിപ്പണം എങ്ങനെയെങ്കിലും ചെലവഴിക്കുന്നതിന് ടോയ്‌ലെറ്റ് മെയിന്റനൻസ് പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. തൻവർഷം 300 പേർക്കാണ് ഈയിനത്തിൽ ആനുകൂല്യം നൽകി 15,00,000/- രൂപ ചെലവഴിച്ചത്.

6. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ് സമിതിയും വിലയിരുത്തിയിട്ടില്ല.

7. വരവ് രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. വാടക രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. സ്ഥാപനതൊഴിൽ നികുതി രജിസ്റ്ററിലും ലൈസൻസ് രജിസ്റ്ററിലും സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്തുന്നില്ല.

8. നികുതി കണക്കാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. നികുതി പിരിവ് ഊർജ്ജിതമാക്കി കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും , തനതു വരുമാനം വർദ്ധിപ്പിക്കാൻ പരിശ്രമിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-12-2022 | 09/22 -11/22 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-01-2014 | 2012-13 | 2-7-2014 |

1-11 കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.50134 രൂപ പ്രതിവർഷം വസ്തുനികുതി നഷ്ടം

എബി വിൽസൺ തളിയത്ത്, കൊററമം, നീലീശ്വരം , പോൾ വിൽസൺ തളിയത്ത് കൊററമം, നീലീശ്വരം എന്നിവരുടെ ഉടമസ്ഥതയിലുള്ള 3/201/A മുതൽ S വരെയുള്ള കെട്ടിടങ്ങൾക്ക് (19 കെട്ടിട നമ്പറുകൾ) വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗ ക്രമത്തിൽ (90 രൂപ/ച.മീ) ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതിൽ 3/201/A മുതൽ 3/201/L വരെയുള്ള കെട്ടിടങ്ങൾക്ക് 2021 രണ്ടാം അർദ്ധ വർഷം മുതലും 3/201/M മുതൽ 3/201 S വരെയുള്ള കെട്ടിടങ്ങൾക്ക് 2022 ഒന്നാം അർദ്ധവർഷവുമാണ് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. കെട്ടിട ഉടമ സമർപ്പിച്ച റെഗുലറൈസ്ഡ് കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ Built Up Area 2838.12 ച.മീ ആണ്. ഇതിൽ 694.90 ച.മീ പാർക്കിംഗിനു വേണ്ടി ഉള്ളതാണ്. സെക്കന്റ് ഫ്ലോറും സ്റ്റെയർ റൂമും ചേർത്തുള്ള 753.42 ച.മീ റെഗുലറൈസ് ചെയ്യുന്നതിന് മുമ്പ് സെല്ലാറിന്റേയും(പാർക്കിംഗ്) താഴത്തെ നിലയുടേയും ഒന്നാം നിലയുടേയും തറവിസ്തീർണ്ണം 694.90 ച.മീ വീതമുണ്ടെന്ന് കെട്ടിട ഉടമ വസ്തുനികുതി നിർണ്ണയ റിട്ടേണിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു ശേഷമുള്ള റിട്ടേൺ ലഭ്യമായില്ല. പാർക്കിംഗ് ഒഴിച്ചുള്ള മേൽ തറ വിസ്തീർണ്ണവും റെഗുലറൈസ് ചെയ്ത 753.42 ച.മീയും ചേർത്ത് 2143.22 ച.മീ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്. എന്നാൽ വസ്തുനികുതി അസസ്സ്മെന്റ് ഡീറ്റെയ്ൽസ് പ്രകാരം 1669.33 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചത്. 473.89 ച.മീ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കാഞ്ഞതിനാൽ 50134 രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

1-12 നമ്പറിട്ടതിനേക്കാൾ കൂടുതൽ നിർമ്മാണം നടത്തി ഗോഡൌൺ പ്രവർത്തിക്കുന്നു. വഴി സൌകര്യം ഇനത്തിൽ വസ്തുനികുതി വർദ്ധനവ് ചെയ്തില്ല.

റോയ് കുര്യപ്പൻ, തോട്ടക്കര(H), മഞ്ഞപ്ര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തെ വിഭജിച്ച് 14 നമ്പറുകൾ നൽകുകയും 2016 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യുന്നുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച വസ്തുനികുതി റിട്ടേണിൽ കെട്ടിടത്തിന് സമീപമുള്ള റോഡ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് ചന്ദ്രപ്പുര - മഞ്ഞപ്ര റോഡാണ്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 8 മീറ്റർ വീതിയുള്ള മഞ്ഞപ്ര - ചന്ദ്രപ്പുര പി ഡബ്ല്യു ഡി റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2.1 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ സഞ്ചയ അസസ്സ്മെന്റിൽ മേൽറോഡിന്റെ വിവരം ചേർക്കുകയോ വഴിസൌകര്യം ഇനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രതിവർഷം 7888/- രൂപയും 2016 ഒന്നാം അർദ്ധവർഷം മുതൽ 2022 ഒന്നാം അർദ്ധവർഷം വരെ 7 വർഷം 55216/- രൂപയും ഈ ഇനത്തിൽ വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി | വഴി സൌകര്യം ഇനത്തിൽ വരുത്തേണ്ട 20 % വർദ്ധനവ് | 2022 ഒന്നാം അർദ്ധവർഷം വരെ കുടിശ്ശിക |
|---|---|---|---|---|---|---|---|
| 1 | 9/261/C | 136.28 ച.മീ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 90 | 15296.4 | 3059.28 | 21415 |
| 2 | 9/261/D | 57.26 ച.മീ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് | 90 | 5153.4 | 1030.68 | 7215 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മാളുകൾ | | | | |
| 3 | 9/261/E | 71 ച.മീ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 90 | 6390 | 1278 | 8946 |
| 4 | 9/261/F | 18 ച.മീ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 90 | 1620 | 324 | 2268 |
| 5 | 9/261/G | 22 ച.മീ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 90 | 1980 | 396 | 2772 |
| 6 | 9/261/H | 18 ച.മീ | ലോഡ്ജ് | 40 | 720 | 144 | 1008 |
| 7 | 9/261/I | 24 ച.മീ | ലോഡ്ജ് | 40 | 960 | 192 | 1344 |
| 8 | 9/261/J | 20 ച.മീ | ലോഡ്ജ് | 40 | 800 | 160 | 1120 |
| 9 | 9/261/K | 44 ച.മീ | ലോഡ്ജ് | 40 | 1760 | 352 | 2464 |
| 10 | 9/261/L | 17 ച.മീ | ലോഡ്ജ് | 40 | 680 | 136 | 952 |
| 11 | 9/261/M | 19 ച.മീ | ലോഡ്ജ് | 40 | 760 | 152 | 1064 |
| 12 | 9/261/N | 21 ച.മീ | ലോഡ്ജ് | 40 | 840 | 168 | 1176 |
| 13 | 9/261/O | 21 ച.മീ | ലോഡ്ജ് | 40 | 840 | 168 | 1176 |
| 14 | 9/261/P | 41ച.മീ | ലോഡ്ജ് | 40 | 1640 | 328 | 2296 |
| ആകെ | | | | | | 7888 | 55216 |

2-2-2023 ന് അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, ബന്ധപ്പെട്ട സീനിയർ ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ കെട്ടിടത്തിനോട് ചേർത്ത് 402.6 ച.മീ തറവിസ്തീർണ്ണമുള്ള ഗോഡൗൺ നമ്പർ അനുവദിച്ചതിനേക്കാൾ കൂടുതൽ തറ വിസ്തീർണ്ണത്തിൽ പണിത് ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കാഞ്ഞതിനാൽ പ്രതിവർഷം കുറഞ്ഞത് 31000 രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ട് ( 402.6 X 70 = 28182 – 2818.2(മേൽക്കൂര 10% ഇളവ്) + 5636.4 (വഴിസൗകര്യം 20% വർദ്ധനവ്) = 31000 ). കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരം നടപടി സ്വീകരിക്കാഞ്ഞതിനും കുറവായി വസ്തുനികുതി നിർണ്ണയിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ – 18/2-2-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വഴിസൗകര്യം ഇനത്തിൽ വർദ്ധനവ് വരുത്താതിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. നമ്പർ ഇട്ടതിനേക്കാൾ കൂടുതൽ പണിത കെട്ടിടത്തിന്മേൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരം നടപടി സ്വീകരിക്കേണ്ടതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ(1) പ്രകാരം കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക(31000 X 3 = 93000) റെഗുലറൈസ് ചെയ്യുന്നത് വരെയോ പൊളിച്ച് കളയുന്നത് വരെയോ വസ്തുനികുതി ആയി നിശ്ചയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-13 പെർമിറ്റ് അനുവദിക്കപ്പെടാതെ 8200 ച.മീ തറവിസ്തീർണ്ണത്തിലധികം നിർമ്മാണം നടത്തി നികുതി ഒഴിവാക്കി സ്ഥപനം പ്രവർത്തിക്കുന്നു.

മഞ്ചപ്ര ഗ്രാമപഞ്ചായത്തിൽ ആറാം വാർഡിൽ പ്രവർത്തിക്കുന്ന സഞ്ജീവനി ലൈഫ് കെയർ വില്ലേജ് പെർമിറ്റിന് വേണ്ടി സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന് 7539.89 ച.മീ തറ വിസ്തീർണ്ണമുണ്ട്. ഈ കെട്ടിടത്തിന് നാളിത് വരെ പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടില്ല. പാർട്ണർഷിപ്പ് ഡീഡിൽ രഘുനാഥ് എ.ടി, പ്രസന്ന രഘുനാഥ്, പ്രതീഷ് കൃഷ്ണ, പ്രിയങ്ക നായർ, പ്രണവ് നായർ എന്നിവരുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 5-3-2022 ലെ A2-BA(81478)22 ആയി ബിൽഡിംഗ് പെർമിറ്റ് പ്ലാൻ സെക്രട്ടറി അംഗീകരിച്ചിട്ടുണ്ട്(Valid Up To 4-3-2027). പ്ലാനിൽ രേഖപ്പെടുത്തിയ സർവ്വേ നമ്പർ 745/1, 741/4-2,

744/18-2, 744/12-2, 745/2, 745/3, 745/5, 744/2-3, 744/2-4, 744/2-8 എന്നിവയാണ്. 2-2-2023 ന് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, സീനിയർ ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടനിർമ്മാണം നടത്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതായും, പ്ലാനിൽ ഉൾപ്പെടാത്ത 750 ച.മീറ്ററിൽ അധികം തറവിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതായും 160.875 ച.മീ , 199.47 ച.മീ തറവിസ്തീർണ്ണത്തിൽ മറ്റു കെട്ടിടങ്ങൾ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ ഉള്ളതായും സ്ഥാപനത്തിന്റെ ഓഫീസിനു സമീപം സ്ഥാപിച്ചിട്ടുള്ള ബോർഡിൽ അന്നേ ദിനം 74 ജീവനക്കാർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതായും ബോധ്യപ്പെട്ടു. സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ സ്ഥാപനത്തിൽ സ്പോർട്സ് മെഡിസിൻ ഡോക്ടർ, സ്പോർട്സ് സൈക്കോളജിസ്റ്റ്, സ്പോർട്സ് ഫിസിക്കൽ തെറാപ്പിസ്റ്റ്, സ്പോർട്സ് ന്യൂട്രീഷനിസ്റ്റ്, സ്പോർട്സ് തെറാപ്പിസ്റ്റ്, സ്ട്രെങ്ത് & കണ്ടീഷനിംഗ് കോച്ച്, സ്പോർട്സ് സൈന്റിസ്റ്റ്, ഏസ്തെറ്റിക്ക് ഡെന്റിസ്റ്റ്, ആയുർവേദ ഡോക്ടർ & തെറാപിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതിയോ സ്ഥാപന തൊഴിൽനികുതിയോ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. പാരാമെഡിക്കൽ ലൈസൻസ് എടുത്തിട്ടില്ല. 8200 ച.മീറ്ററിൽ കൂടുതൽ നിയമാനുസൃതമല്ലാത്ത നിർമ്മാണം നടത്തി പെർമിറ്റില്ലാതെ നിർമ്മിച്ച് സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി, തൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്യാത്തതിനാൽ വൻ നികുതി വരവ് നഷ്ടമാണ് ഉണ്ടാകുന്നത്. പെർമിറ്റിന് അപേക്ഷിക്കാതെയും പെർമിറ്റ് അനുവദിക്കപ്പെടാതെയും വീണ്ടും സ്ഥാപനം നിയമാനുസൃതമല്ലാത്ത നിർമ്മാണം നടത്തുന്നു. നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം നടത്തി സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. മേൽ വിവരങ്ങൾ സൂചിപ്പിച്ചും സ്ഥാപനത്തിന്റെ ഭൂമിയുടെ നിലവിലെ തരം എന്തെന്ന് സംബന്ധിച്ചുള്ള രേഖകൾ, പൊസഷൻ സർട്ടിഫിക്കറ്റ്, കെട്ടിടം സ്ഥിതി ചെയ്യുന്ന സർവ്വേ നമ്പർ ഭൂമികളുടെ നിലവിലെ തരം, തരം മാറ്റി രേഖകൾ സമർപ്പിട്ടിട്ടുണ്ടെങ്കിൽ ആയത്,എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും മേൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കാനും വസ്തുനികുതി നിർണ്ണയിക്കാനും, തൊഴിൽനികുതി ഈടാക്കുന്നതിനും നേരിടുന്ന എല്ലാ തടസ്സങ്ങളും സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടും ഓഡിറ്റ് എൻക്വയറി (19/3-2-2023) നൽകിയെങ്കിലും ഇവ ലഭ്യമായില്ല. വിഷയത്തിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരം നടപടി സ്വീകരിക്കേണ്ടതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ(1) പ്രകാരം കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക മേൽകെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നത് വരെയോ പൊളിച്ചു കളയുന്നത് വരെയോ വസ്തുനികുതി ആയി നിശ്ചയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി പാരാമെഡിക്കൽ ലൈസൻസ് പരിശോധിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 അനുവദിച്ചതിനേക്കാൾ കൂടുതൽ നിർമ്മാണം നടത്തി ഓഡിറ്റോറിയം പ്രവർത്തിക്കുന്നു. സെൻട്രലൈസ്ഡ് എ.സി ഇനത്തിൽ വസ്തുനികുതി വർദ്ധനവ് ചെയ്തില്ല.

നിൽജോ തോമസ് ഇടപ്പുള്ളവൻ, റയോൺപുരം, നിജിൻ തോമസ് ഇടപ്പുള്ളവൻ, റയോൺപുരം, സോജൻ ജോസ് ചിറമേൽ മഞ്ഞപ്ര എന്നിവരുടെ ഉടമസ്ഥതയിലുള്ള 11/323/B നമ്പർ കെട്ടിടത്തിന് ഓഡിറ്റോറിയം ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി 2021 രണ്ടാം അർദ്ധവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. നിലവിൽ സ്റ്റാർ കൺവെൻഷൻ സെന്റർ എന്ന പേരിൽ കെട്ടിടം പ്രവർത്തിക്കുന്നുണ്ട്. വസ്തുനികുതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| തറ വിസ്തീർണ്ണം | നികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി | ഇളവ് | വർദ്ധനവ് | വാർഷിക വസ്തുനികുതി |
|---|---|---|---|---|---|
| 966.12 ച.മീ | 40 | 38644.8 | മേൽക്കൂര 10% = 3864.48 രൂപ | വഴി സൌകര്യം = 7728.96 രൂപ | 42510 |

2-2-2023 ൽ അസിസ്റ്റന്റ് എഞ്ചിനിയർ ,ഓവർസിയർമാർ, സീനിയർ ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ടി ഓഡിറ്റോറിയത്തിന് സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനമുള്ളതായും, നമ്പറിംഗിൽ ഉൾപ്പെടാത്ത 360.52 ച.മീ തറ വിസ്തീർണ്ണമുള്ള മറ്റൊരു ഓഡിറ്റോറിയം കെട്ടിടം, 232.85 ച.മീ തറ വിസ്തീർണ്ണമുള്ള അനുബന്ധ കെട്ടിടം എന്നിവ ഈ കെട്ടിടത്തിനോട് ചേർത്ത് പണിതിട്ടുള്ളതായും ബോധ്യപ്പെട്ടു. 2013 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 8 പ്രകാരം

സെൻട്രലൈസ്ഡ് എ.സി സൌകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ 11/323/B കെട്ടിടത്തിന് മേൽ വർദ്ധനവ് ചെയ്തിട്ടില്ല ആയതിനാൽ 3864 രൂപയുടെ നികുതി നഷ്ടം ഈ ഇനത്തിൽ ഉണ്ടായിട്ടുണ്ട്. 593.37 ച.മീ കെട്ടിടം അനധികൃതമായി പണിതിട്ടുള്ളതിനാൽ ഈ ഇനത്തിൽ കുറഞ്ഞത് 26108 രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ട് (593.37 X 40 =23734.8 + 4746.96 (വഴി സൌകര്യം 20% വർദ്ധനവ്) – 2373.48 (മേൽക്കൂര = 10% വർദ്ധനവ്) = 26108) . മേൽ വിഷയത്തിൽ നടപടി സ്വീകരിക്കാഞ്ഞതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (17/2-2-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. സെൻട്രലൈസ്ഡ് എ.സി ഇനത്തിൽ വർദ്ധനവ് വരുത്തി സഞ്ചയയിൽ ശരിയായി കെട്ടിട നികുതി നിർണ്ണയിച്ച് രേഖപ്പെടുത്തി കുറവ് വന്ന തുക ഈടാക്കേണ്ടതും നമ്പർ അനുവദിച്ചതിനേക്കാൾ കൂടുതൽ പണിത് ഉപയോഗിക്കുന്ന കെട്ടിടത്തിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ(1) പ്രകാരം കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയും (26108 രൂപ) അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക (78324 രൂപ) വസ്തുനികുതി ആയി നിശ്ചയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വാടക രജിസ്റ്റർ പൂർണ്ണമല്ല

വാടക രജിസ്റ്ററിൽ ലഭിച്ച തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുടിശികയോ കോവിഡിനോട് അനുബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം വാടക ഒഴിവാക്കിയ വിവരങ്ങളോ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കുടിശിക തുക എപ്രകാരം ഏത് മുറികളുടെ ആണ് എന്നോ വ്യക്തമല്ല. രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും വാടക കുടിശികയിനത്തിൽ 2,48,481/- രൂപയുണ്ട്. ഈ കുടിശിക ഏത് മുറികളുടെ ഏത് വർഷത്തെയാണ് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 20) നല്കിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ല. ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (16/2-2-2023) നൽകിയെങ്കിലും പരിശോധനക്ക് ലഭ്യമായില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | എൽ.ഐ.സി മാർക്കറ്റിംഗ് & സർവ്വീസ് സെന്റർ ചന്ദ്രപ്പുര | I, II |
| 2 | സെന്റ് ജോസഫ് അക്കാദമി ട്യൂഷൻ സെന്റർ ,മഞ്ഞപ്ര | I, II |
| 3 | എച്ച്.ഡി.എഫ്.സി ബാങ്ക് മഞ്ഞപ്ര | I, II |
| 4 | പൈനേടത്ത് ഡയഗ്നോസ്റ്റിക്സ് മഞ്ഞപ്ര | I, II |
| 5 | ടി.ഡി.എം സ്കൂൾ ഓഫ് ഇംഗ്ലീഷ് & ഐ.ഇ.എൽ.ടി.എസ് | I, II |
| 6 | പോപ്പുലർ ഫിനാൻസ് മഞ്ഞപ്ര | I, II |
| 7 | സഞ്ജീവനി ലൈഫ് കെയർ വില്ലേജ്, മഞ്ഞപ്ര | I, II |

2) താഴെ ചേർത്ത ക്രഷറുകൾക്ക് 1-4-2020 മുതൽ 31-3-2025 വരെ അഞ്ച് വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. ഇവയിൽ നിന്നും സ്ഥാപനതൊഴിൽ നികുതി , തൻവർഷത്തെ ജീവനക്കാരുടെ

തൊഴിൽനികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല . ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (16/2-2-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 6/295 | അപ്പോളോ ഗ്രാനൈറ്റ്സ് |
| 2 | 6/244 | പോപ്പുലർ ഇൻഡസ്ട്രീസ് |
| 3 | 6/241 | ഗ്ലോറിയ ഗ്രാനൈറ്റ്സ് |
| 4 | 6/255 | ജനത റോക്ക് പ്രൊഡക്ട്സ് , കുഴിയംപാടം, മഞ്ഞപ്ര |
| 5 | 6/252 | ഭാരത് റോക്ക് പ്രൊഡക്ട്സ് മഞ്ഞപ്ര |

3) F.T.EO ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (16/2-2-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷയിലെ ക്രമ നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | മാവേലി സ്റ്റോർ | 11/243 | 110 | 4 |
| 2 | അമ്പാട്ട് ഡയഗ്നോസ്റ്റിക് സെന്റർ | 5/225 | 130 | 2 |
| 3 | പ്രൈം സിസ്റ്റംസ് | 11/499/D | 153 | 2 |
| 4 | ഗ്ലോറി ഡെന്റൽ ക്ലിനിക്ക് | 5/291, 5/292 | 194 | 2 |
| 5 | ഡിവൈൻ ഡെന്റൽ ക്ലിനിക്ക് | 11/353/F | 216 | 7 |

4) 2021-2022 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

5) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ,സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.
മേൽ ചേർത്ത തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
6) സ്ഥാപനതൊഴിൽ നികുതി രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താതെ സ്ഥാപന ഉടമയുടെ പേര് മാത്രമാണ് രേഖപ്പെടുത്തുന്നത്. സ്ഥാപനതൊഴിൽ നികുതി രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്തേണ്ടതാണ്.

1-17 കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനും , ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിനും ഡെപ്പോസിറ്റ് വർക്ക് ആയി പ്രവൃത്തി നടത്തുന്നതിന് താഴെ പറയും പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ പഞ്ചായത്ത് തുക നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ഇനം | തുക | ബിൽനമ്പർ/UTR Number/ തീയതി | ഫണ്ടിനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| SO 107/22 | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ | 12,05,000 | XVFC/21-22/P/29 26.3.2022 | CFC Grant |
| “ | വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യൽ | 1,90,000 | XVFC/21-22/P/34 31.03.2022 | .. |
| ആകെ | | ₹ 13,95,000 | | |

മേൽപ്പറഞ്ഞ വേലകൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി, മുൻകൂർ നൽകിയ തുക അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 04/30.01.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 13,95,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 9-ാം നമ്പർ അംഗൻവാടിക്കു സ്ഥലം വാങ്ങിയതിലെ അപാകത

മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് 7 -ാം വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന 9-ാം നമ്പർ അംഗൻവാടിക്കു വേണ്ടി സ്ഥലം വാങ്ങണമെന്ന വാർഡ് മെമ്പറുടെ നിവേദനം പരിഗണിച്ച് സ്ഥലം വാങ്ങാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും. 13/10/2021 ലെ 8(1) നം തീരുമാനപ്രകാരം സ്ഥലത്തിന്റെ വാല്യുവേഷൻ ലഭിക്കാൻ ജില്ലാകളക്ടർക്ക് കത്തു നൽകുകയും ചെയ്തിരുന്നു. എന്നാൽ ജില്ലാകളക്ടർ സ്ഥലവില നിശ്ചയിച്ച് നൽകിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. അത് പരിഗണിക്കാതെ സ്ഥലം വാങ്ങാൻ ക്വട്ടേഷൻ ക്ഷണിക്കുകയും , ഫെയർവാല്യു നിരക്കിൽ സ്ഥലം നൽകാൻ തയ്യാറായ ശ്രീ. എൽദോ ടി ജെ , തോട്ടപ്പിള്ളി വീട്, കണ്ണിമംഗലം, അയ്യമ്പുഴ എന്ന വ്യക്തിയിൽ നിന്നും സ്ഥലം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു.

മഞ്ഞപ്ര വില്ലേജ് ബ്ലോക്ക് 20 ൽ റീസർവ്വേ 457/3-6 ൽ പ്പെട്ട 4 ആർ 88 ച.മീ സ്ഥലത്തിൽ നിന്നും1 ആർ 19 ചമീ സ്ഥലം ( 3 സെന്റ്) സ്ഥലം ആ പ്രദേശത്തെ ഫെയർവാല്യൂ നിരക്കിൽ 87000/- രൂപക്ക്( ഒരു ആറിന് 72,800/- രൂപയാണ് പ്രസ്തുത സ്ഥലത്തെ ഫെയർ വാല്യു.) വാങ്ങുകയും 29.11.2021 ൽ ആധാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട് (Document No 2678/I/21). സൗത്ത് ഇൻഡ്യൻ ബാങ്ക് മഞ്ഞപ്ര ശാഖയുടെ 044352 നമ്പർ ചെക്ക് പ്രകാരം തുക കിട്ടി ബോധിച്ചതായിട്ടാണ് ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22 വർഷം മേൽപ്പറഞ്ഞ ചെക്ക് മുഖേന പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവ് നടന്നതായി കാണുന്നില്ല. ഓഡിറ്റ് തീയതിവരെയും അത്തരത്തിൽ ഒരു ചെലവ് നടന്നിട്ടില്ല . സ്ഥലവില നൽകാതെ, പഞ്ചായത്തിന്റെ പേരിൽ സ്ഥലം തീറെഴുതിക്കൊടുത്തതായാണ് കാണുന്നത്. അപാകതക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടും, നിലവിൽ സ്ഥലം പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ പേരിൽ മുതൽ കൂട്ടിയിട്ടുണ്ടോ എന്നതും സ്ഥലത്ത് അംഗൻവാടിയുടെ നിർമ്മാണം തുടങ്ങിയോ എന്നതും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 26/03.02.2023) മറുപടി ലഭ്യമാക്കിയില്ല.

9-ാം നമ്പർ അംഗൻവാടിക്കായി സ്ഥലം വാങ്ങിയതിലെ അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സ്ഥലം നിലമായാണ് വില്ലേജ് രേഖകളിലുള്ളത്. അവിടെ കെട്ടിടനിർമ്മാണത്തിന് നിയമപരമായി തടസ്സങ്ങളുണ്ടോയെന്ന് പരിശോധിക്കേണ്ടതും, ഉണ്ടെങ്കിൽ തിടുക്കത്തിൽ അത്തരമൊരു സ്ഥലം വാങ്ങിയതു സംബന്ധിച്ചും അന്വേഷണവിധേയമാക്കേണ്ടതാണ്. സ്ഥലത്തിന്റെ ആധാരം കഴിഞ്ഞ സാഹചര്യത്തിൽ പോക്കുവരവ് പൂർത്തിയാക്കി, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളുണ്ടാവേണ്ടതാണ്. മേൽവിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | S 142/22, എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ |
| അടങ്കൽ | 328651/- (വികസനഫണ്ട് -ജനറൽ )<br>113371/-( സി.എഫ്.സി ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 3921/- (വികസനഫണ്ട് -ജനറൽ ) |
| ബിൽ നം/തിയതി | 192/10.12.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലേക്ക് ആവശ്യമായ എൽ.ഇ.ഡി തെരുവ് വിളക്കുകൾ വാങ്ങുന്നതിനായുണ്ടാക്കിയ പദ്ധതിയാണിത്. "ക്രൂസ്" കാസർഗോഡ് ഹാജരാക്കിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ അവിടെ നിന്നും 159 ലൈറ്റുകൾ നേരിട്ട് വാങ്ങാൻ ഭരണസമിതി തീരുമാനിക്കുകയും ചെയ്തു (ഭരണസമിതിയുടെ 20.09.2021 ലെ 1 (1) നം തീരുമാനം). ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കേണ്ടതിനാൽ . അവിടെ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ച് 3921/- രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കി. ഭരണസമിതി തീരുമാനപ്രകാരം സപ്ലൈ ഓർഡർ നൽകിയെങ്കിലും, ഉൽപാദനം കുറവായതിനാൽ ക്രൂസിൽ നിന്നും ലൈറ്റുകൾ ഉടനടി ലഭ്യമായില്ല. തുടർന്ന് പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന് ഭരണസമിതി തീരുമാനിക്കുകയും, പദ്ധതിപ്പണം ലാപ്സാവാതിരിക്കാൻ പദ്ധതി ഭേദഗതി ചെയ്യുകയും, ആ ഫണ്ട് ഉപയോഗിച്ച് സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുകയും ചെയ്തു ( പ്രോജക്റ്റ് നം 221/22). പിന്നീട് ക്രൂസിന്റെ 17.01.2022 ലെ KREWS-40/95/21-22 നം കത്ത് പ്രകാരം ലൈറ്റുകൾ സപ്ലൈ ചെയ്യാൻ തയ്യാറാണെന്നും, കരാറിലേർപ്പെടണമെന്നും ആവശ്യപ്പെട്ടു. അതിനു മറുപടിയായി 29.01.2022 ലെ എ3-4800/2021 നം കത്ത് പ്രകാരം പദ്ധതി ഉപേക്ഷിച്ചതായി പഞ്ചായത്തിൽ നിന്നും ക്രൂസിനെ അറിയിക്കുകയും, ഉടമ്പടിപത്രം തിരിച്ചയക്കുകയും ചെയ്തു.

പദ്ധതിപ്പണം ലാപ്സാവാതിരിക്കാൻ തിരക്കിട്ട് പദ്ധതി ഭേദഗതി ചെയ്തെങ്കിലും ആ പദ്ധതിയും തൻവർഷം നടപ്പിലായിട്ടില്ല. ലൈറ്റുകൾ വാങ്ങാതെ കെ.എസ്.ഇ.ബി.യിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതിനും, പദ്ധതി ആസൂത്രണത്തിലെ മേൽ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം 05/31.01.2023 ) മറുപടി ലഭ്യമാക്കിയില്ല. ലൈറ്റുകൾ സ്ഥാപിക്കാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി.യിൽ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ അടവാക്കിയ 3921/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-20 പി.എം.എ.വൈ ഭവനനിർമ്മാണം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വി.ഇ.ഒ നിർവഹണഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്കായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തിലേക്ക് വിഹിതം നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് | ഫണ്ട് | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|
| പി.എം.എ.വൈ(ഗ്രാമീൺ)-ജനറൽ | വികസനഫണ്ട് -ജനറൽ | 7,00,000 | 20/21.3.22 |
| പി.എം.എ.വൈ(ഗ്രാമീൺ)-എസ്.സി | എസ്.സി.പി | 70,000/- | 19/21.3.22 |

പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.. വിനിയോഗ സാക്ഷ്യപത്രം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുന്നത് വരെ 7,70,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 ഐ.കെ.എം പഞ്ചായത്ത് വിഹിതം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം, പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| 3/22-IKM പഞ്ചായത്ത് വിഹിതം | വികസനഫണ്ട്-ജനറൽ | 42,588 | 42,588 | 11/04.06.2021-45288/- |

IKM ന് പ്രവർത്തനചെലവിനുള്ള വിഹിതമായി സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി പ്രകാരം 42,588/- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3/30.01.2023) മറുപടി ലഭിച്ചില്ല.

വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്ന് ലഭ്യമാകുന്നത് വരെ 42,588/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-22 വിവിധ പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചതിന്റെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല - ചെലവ് തുക 1,98,082 രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവ പൂർണ്ണമായി ലഭ്യമായിട്ടില്ല . ലഭിക്കാത്ത മരുന്നുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

I]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 223/22,കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്ന് വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി |
| അടങ്കൽ/ഫണ്ട് | 3,09,000 ( സംരക്ഷണ ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 308995 |
| ബിൽ നം/തിയതി (തുക) | 1)21110952015201281987/18.03.2022 (52291 രൂ)<br>2)21110952015201350813/18.03.2022 (256704 രൂ)<br>ആകെ : 308995 |

മേൽ ബിൽ നം. 2 പ്രകാരം KMSCL ൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി പ്രഫോർമ ഇൻവോയ്സ് നം.PRF6793/11.03.2022 പ്രകാരം 1,50,000/- രൂപ കൈമാറിയെങ്കിലും താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 71530/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 4213/11.06.2022 | 15645 |
| 2 | 12381/28.09.2022 | 12482 |
| 3 | 16284/07.11.2022 | 1507 |
| 4 | 14510/20.10.2022 | 8725 |
| 5 | 19447/06.12.2022 | 15431 |
| 6 | 21176/24.12.2022 | 1706 |
| 7 | 21893/03.01.2023 | 16034 |
| | ആകെ | 71530 |

ബാക്കി 78470/- രൂപക്കുള്ള മരുന്നുകൾ എഫ്.എച്ച്.സി യിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തി ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 78470/- രൂപ തടസ്സപ്പെടുത്തുന്നു.

II]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 136/22, എഫ്.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി |
| അടങ്കൽ/ഫണ്ട് | 1)363347(വികസന ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>2)385853(തനത് ഫണ്ട്)<br>ആകെ : 749200 |
| ചെലവ് | 1)362891<br>2)385853 |

| | |
|---|---|
| ബിൽ നം/തിയതി (തുക) | 1)2111095201520008100 28/21.12.2021 (3 ലക്ഷം രൂ)<br>2)169/19.11.2021 – 38940 /-<br>3) 170/19.11.2021 – 4980/-<br>4)321/09.03.2022 – 18971/-<br>5)തനത് ഫണ്ട് 385853/- രൂപ നൽകിയതിന്റെ ചെക്ക് നമ്പർ ലഭ്യമാക്കേണ്ടതാണ് /03.11.2021 |

1)മേൽ ബില്ല് നം. 1 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി KMSCL ന് പ്രഫോർമ ഇൻവോയ്സ് നം PRF3829/04.12.2021 അനുസരിച്ച് 3 ലക്ഷം രൂപ നൽകി.എന്നാൽ താഴെപ്പറയും പ്രകാരം 267888/- രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ..

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 12530/07.02.2022 | 129990 |
| 2 | 1406/01.05.2022 | 24960 |
| 3 | 9126/23.08.2022 | 13087 |
| 4 | 12375/28.09.2022 | 2359 |
| 5 | 1406/01.05.2022 | 24960 |
| 6 | 14605/21.10.2022 | 7215 |
| 7 | 14806/25.10.2022 | 6872 |
| 8 | 16609/09.11.2022 | 1717 |
| 9 | 22271/06.01.2023 | 46453 |
| 10 | 22585/10.01.2023 | 10275 |
| | ആകെ | 267888 |

ബാക്കി 32112/- രൂപക്കുള്ള മരുന്നുകൾ എഫ്.എച്ച്.സി യിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തി ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 32112/- രൂപ തടസ്സപ്പെടുത്തുന്നു

2) മേൽ ബിൽ നം. 5 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി KMSCL ന് പ്രഫോർമ ഇൻവോയ്സ് നം PRF2187/18.09.2021 അനുസരിച്ച് 385853/- രൂപ നൽകി.എന്നാൽ താഴെപ്പറയും പ്രകാരം ആകെ 299288 രൂപക്കുള്ള മരുന്നുകളുടെ ബില്ലുകളേ ഫയലിൽ ഉള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 15398/31.03.2022 | 38372 |
| 2 | 276/14.04.2022 | 81598 |
| 3 | 290/14.04.2022 | 114520 |
| 4 | 1405/01.05.2022 | 11554 |
| 5 | 12368/28.09.2022 | 5070 |
| 6 | 16594/09.11.2022 | 41855 |
| 7 | 17684/19.11.2022 | 6319 |
| | ആകെ | 299288 |

ബാക്കി 86565/- രൂപക്കുള്ള മരുന്നുകൾ എഫ്.എച്ച്.സി യിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തി ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.അതുവരെ ചെലവ് തുക 86565/- രൂപ തടസ്സപ്പെടുത്തുന്നു.

III]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 137/22, എഫ്.എച്ച്.സി ലാബിലേയ്ക്ക് റിയേജന്റ് വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി |
| അടങ്കൽ/ഫണ്ട് | 25,000 (സംരക്ഷണ ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 24885 |
| ബിൽ നം/തിയതി (തുക) | 1)2111095201520067 5026/20.11.2021 |

KMSCL ൽ നിന്നുള്ള പ്രഫോർമ ഇൻവോയ്സ് നം.PRF2763/18.10.2021 പ്രകാരം ലാബിലേക്കുള്ള Reagents വാങ്ങുന്നതിന് 10842/- രൂപ നൽകിയെങ്കിലും താഴെപ്പറയും പ്രകാരം 9907/- രൂപക്കുള്ള Reagents മാത്രമേ ലഭ്യമായിട്ടുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 16403/08.11.2022 | 6602 |
| 2 | 1891/26.11.2022 | 3305 |
| | ആകെ | 9907 |

ബാക്കി 935/- രൂപയുടെ സാധനങ്ങൾ എഫ്.എച്ച്.സി യിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തി ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.അതുവരെ ചെലവ് തുക 935/- രൂപ തടസ്സപ്പെടുത്തുന്നു.
ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/31.01.2023) മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അതുവരെ മേൽ പദ്ധതികൾ പ്രകാരം ആകെ 198082/- രൂപ (78470+32112+86565+935) തടസ്സപ്പെടുത്തുന്നു.

1-23 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല - 49,000 രൂപ തടസ്സം

എറണാകുളം ജില്ലാ പഞ്ചായത്ത് 2021-22 വർഷം ഗ്രാമപഞ്ചായത്തുകളുമായി സംയുക്തമായി താഴെപ്പറയുന്ന 2 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | സ്ട്രെങ്ത്തനിംഗ് ഓഫ് ഏർളി ഇന്റർവെൻഷൻ സെന്റർ - 141/22 |
| അടങ്കൽ തുക | 20,000 (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 20,000 |
| ബിൽ നം /തിയതി | 21110952015201188177 / 02.03.2022 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

ഏർളി ഇന്റർവെൻഷൻ സെന്റർ എന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തുക കൈമാറിയിട്ടുണ്ട്. തുക ട്രാൻസ്ഫർ ചെയ്തതിന്റെ നടപടിക്രമത്തിന്റെ പകർപ്പും സാംഖ്യ വെബിൽ നിന്നുള്ള പെയ്ഡ് ഡീറ്റെയിൽസും ലഭ്യമാക്കിയാൽ മാത്രമേ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയുള്ളൂ എന്ന് കാണിച്ച് 09.12.2021 ൽ ഡിപി 13 -1043/21 നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇത് രണ്ടും ഫയലിൽ ലഭ്യമല്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കുന്നതുവരെ ചെലവ് തുക 20,000 തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ ധനസഹായം - 140/22 |
| അടങ്കൽ തുക | 29,000 (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 29,000 |
| ബിൽ നം /തിയതി | 21110952015201188185 /02.03.2022 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.01.2022 ലെ ഡിപി 13-1014(1)/21 നമ്പർ കത്തിലും ഗ്രാമപഞ്ചായത്തുകൾ ഓൺലൈനായി തുക കൈമാറുന്നതിനാൽ ഏതു പഞ്ചായത്തിൽ നിന്നാണ് തുക ലഭിക്കുന്നതെന്നും എത്ര തുകയാണ് ലഭിക്കുന്നതെന്നും അറിയാൻ സാധിക്കാത്ത സാഹചര്യത്തിൽ ട്രഷറി

വഴി തുക കൈമാറുമ്പോൾ തന്നെ പണം അടവാക്കിയതിന്റെ നടപടിക്രമത്തിന്റെ പകർപ്പും സാംഖ്യ വെബിൽ നിന്നുള്ള പെയ്ഡ് ഡീറ്റെയിൽസും പ്രത്യേകമായി ടി ഓഫീസിൽ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മാത്രമേ തുക കൈപ്പറ്റിയതിന്റെ രസീതും വിനിയോഗ സാക്ഷ്യപത്രവും നൽകാൻ സാധിക്കു എന്നറിയിച്ചിട്ടുണ്ട്. മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ ഡയാലിസിസ് രോഗികളുടെ താഴെപ്പറയുന്ന 7 പേരുൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് ഭരണ സമിതിയുടെ 11.02.2022 ലെ 18(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ക്രമ നം | പേര് /ഡയാലിസിസ് നടത്തുന്ന ആശുപത്രി | വാർഡ് നം |
|---|---|---|
| 1 | ഷാജു.എം.എസ്,മലയടത്ത് /എൽ,എഫ് ഹോസ്പിറ്റൽ | 13 |
| 2 | ജോയ്, മാടൻ/ അപ്പോളോ ഹോസ്പിറ്റൽ | 5 |
| 3 | സുബ്രൻ, പൂതക്കുടി/ അപ്പോളോ ഹോസ്പിറ്റൽ | 5 |
| 4 | കുഞ്ഞുമോൻ, ചിറമ്മേൽ/എൽ,എഫ് ഹോസ്പിറ്റൽ | 11 |
| 5 | മഹേഷ്, നിലയിടത്ത്/എൽ,എഫ് ഹോസ്പിറ്റൽ | 9 |
| 6 | സുരേഷ്, തച്ചിരുകാട്ടിൽ/ആലുവ താലൂക്ക് ആശുപത്രി | 12 |
| 7 | പത്രോസ്, പുതുവ/ആലുവ താലൂക്ക് ആശുപത്രി | 13 |

എന്നാൽ ഇവർക്ക് ധനസഹായം ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല. ടി 7 ഗുണഭോക്താക്കൾക്കും ചികിത്സാ സഹായം ലഭ്യമായതിന്റെ രേഖകൾ, ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 29,000 രൂപ തടസ്സപ്പെടുത്തുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/31.01.2023 ന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-24 ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ 2 പ്രാവശ്യം തുക നൽകി -അധികം നൽകിയ തുക 6133 രൂപ നിരാകരിക്കുന്നു

| പ്രോജക്ട് നം/പേര് | 37/22, അനുപൂരക പോഷകാഹാരം |
|---|---|
| അടങ്കൽ തുക (ഫണ്ട്) | 1) 1229979 (വികസന ഫണ്ട് - ജനറൽ)<br>2) 800000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>3) 350000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ : 23,79,979 |
| ചെലവ് തുക | 1)1229979 (വികസന ഫണ്ട് - ജനറൽ)<br>2) 728720 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>3) 10776 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ :19,69,475 രൂപ |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2021-22 വർഷം അനുപൂരക പോഷകാഹാര പദ്ധതിക്കായി ആകെ 1969475/- രൂപ ചെലവ് വന്നിട്ടുണ്ട്.

ഇതിൽ കേന്ദ്ര ഫണ്ടിനത്തിൽ ചെലവഴിച്ച 7,28,720/- രൂപ പഞ്ചായത്ത് അക്കൌണ്ടിൽ നിന്ന് ചെക്ക് മുഖേന മാറി നൽകിയിട്ടുണ്ട്. എന്നാൽ സപ്ലൈകോയിൽ നിന്നുള്ള ഒരേ ബിൽ അനുസരിച്ച് തന്നെ 2 പ്രാവശ്യം ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ 6133/- രൂപ നൽകിയതായി കാണുന്നു. വിശദ വിവരം ഭാഗം-3-1 ൽ ചേർത്തിട്ടുള്ളത് കാണുക.

## 1-25 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ ആനുകൂല്യം നൽകി

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാർക്കാണ് ആർജിതാവധി സറണ്ടർ അനുവദിച്ചിരിക്കുന്നത്.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നം , തീയതി |
|---|---|---|---|---|
| 1 | ജയറാണി പി | അസിസ്റ്റന്റ് സെക്രട്ടറി | 62715 | 22100145 /02.06.2021-1,76,823 |
| 2 | സവിത യു.വി | ഹെഡ് ക്ലർക്ക് | 57054 | |
| 3 | സിന്ധു എം.കെ | അക്കൗണ്ടന്റ് | 57054 | |
| 4 | സമീഹ വി എ | സീനിയർ ക്ലർക്ക് | 48174 | 22100146/02.06.2021 -1,59,,840 |
| 5 | സ്മിത കെ എസ് | ക്ലർക്ക് | 36519 | |
| 6 | ജോർജ്ജ് ജോസ് | ,, | 33633 | |
| 7 | രമേഷ് ബാബു പി | ഓഫീസ് അറ്റന്റന്റ് | 41514 | |
| 8 | പ്രസാദ് ടി എസ് | സീനിയർ ക്ലർക്ക് | 45843 | 22100182/16.06.2021 |
| 9 | അബ്ദുൾ ഹക്കീം യു | സെക്രട്ടറി | 79698 | 22100181/16.06.2021 |

ഇതിൽ ശ്രീ രമേഷ് ബാബു, ഓഫീസ് അറ്റന്റന്റിന് മാത്രമാണ് ലീവ് സറണ്ടറിന് അർഹതയുള്ളത്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവിറക്കിയിരുന്നു.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ മേൽ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 01/30.1.23) നൽകിയ മറുപടിയിൽ സറണ്ടർ അനുവദിച്ച സമയത്ത് വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ഉണ്ടായിരുന്നില്ല എന്നാണറിയിച്ചത് . 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിനാൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി ആവശ്യമായ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അതുവരെ ഓഫീസ് അറ്റന്റന്റിന് ഒഴികെ ബാക്കി ജീവനക്കാർക്ക് ആകെ

അനുവദിച്ച 420690 രൂപ തടസ്സപ്പെടുത്തുന്നു.

1-26 ടോയ്‌ലെറ്റ് മെയിന്റനൻസ്- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 114/22 പെർഫോമൻസ് ബേയ്‌സ്ഡ് ഇൻസന്റീവ് ഗ്രാന്റിന്റെ വിനിയോഗം (നിർമ്മാണപ്രവൃത്തികൾ ഒഴികെ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പദ്ധതി അടങ്കൽ തുക | 16,60,000/-(കേന്ദ്രാവിഷ്കൃത ഫണ്ട്- ശുചിത്വമിഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | 15,00,000/- രൂപ |
| ചെലവ് വിവരം | ബിൽ നം 1/14.06.21-45,000/-<br>ബിൽ നം 2/14.06.21-60,000/-<br>ബിൽ നം 3/16.06.21-50,000/-<br>ബിൽ നം 4/16.06.21-50,000/-<br>ബിൽ നം 5/16.06.21-55,000/-<br>ബിൽ നം 6/17.06.21-75,000/-<br>ബിൽ നം 7/18.06.21-70,000/-<br>ബിൽ നം 8/18.06.21-5,000/-<br>ബിൽ നം 9/23.06.21-35,000/-<br>ബിൽ നം 10/23.06.21-10,000/-<br>ബിൽ നം 11/23.06.21-5,000/-<br>ബിൽ നം 12/25.06.21-5,000/-<br>ബിൽ നം 41/30.03.22-2,50,000/-<br>ബിൽ നം 42/30.03.22-2,70,000/-<br>ബിൽ നം 43/30.03.22-,2,05,000/-<br>ബിൽ നം 44/31.03.22-1,10,000/-<br>ബിൽ നം 45/31.03.22-1,90,000/-<br>ബിൽ നം 46/31.03.22-10,000/-<br>ആകെ ----15,00,000/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന് ലഭിച്ച പെർഫോമൻസ് ബേയ്‌സ്ഡ് ഇൻസന്റീവ് ഗ്രാന്റിന്റെ വിനിയോഗത്തിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 300 ഗുണഭോക്താക്കൾക്കായി 5000/- രൂപ വീതം ടോയ്‌ലെറ്റ് മെയിന്റനൻസിനായി നൽകുകവഴി 15,00,000/- രൂപ പദ്ധതിയിൽ ചെലവ് വന്നിട്ടുണ്ട്. 2020-21 വർഷം ടോയ്‌ലെറ്റ് മെയിന്റനൻസിനായി ആവിഷ്കരിച്ച പദ്ധതി സ്പിൽ ഓവർ പദ്ധതിയിൽപ്പെടുത്തി അംഗീകാരം വാങ്ങി തൻവർഷം നടപ്പാക്കുകയാണുണ്ടായത്. ശുചിത്വമിഷൻ ഗ്രാന്റിന് ആനുപാതികമായി തനതുഫണ്ട് വകയിരുത്താതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾക്കൊഴികെയുള്ള ആവശ്യങ്ങൾക്കായാണ് പദ്ധതിക്ക് അംഗീകാരം വാങ്ങിയിട്ടുള്ളതെങ്കിലും നിർമ്മാണ പ്രവൃത്തിയിൽപ്പെടുത്താവുന്ന ടോയ്‌ലെറ്റ് മെയിന്റനൻസ് ആണ് നടപ്പാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയസാക്ഷ്യപത്രം എല്ലാ അപേക്ഷകളോടൊപ്പവും സൂക്ഷിച്ചിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, ടൈലിംഗ് എന്നീ ഇനങ്ങൾ ചെയ്തതിന് 5000/- രൂപക്ക് മുകളിൽ ചെലവായിട്ടുണ്ട് എന്നാണ് എല്ലാ സാക്ഷ്യപത്രത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ 300 പേരുടെ ടോയ്‌ലെറ്റുകൾക്ക് ഇപ്രകാരം ഒരേ തരത്തിലുള്ള മെയിന്റനൻസ് വേണ്ടിവന്നുവെന്നത് യുക്തിക്ക് നിരക്കാത്ത കാര്യമാണ്. ലഭിച്ച ഗ്രാന്റ് എങ്ങനെയെങ്കിലും ചെലവാക്കുക എന്ന രീതിയിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് കാണുന്നു. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/03.02.2023) ഭരണസമിതി അംഗീകാരം നൽകിയ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ നടപ്പാക്കേണ്ടത് കടമയായതുകൊണ്ടാണ് പദ്ധതി നടപ്പാക്കിയതെന്നാണ് മറുപടി നൽകിയത്. ഗുണഭോക്താക്കൾക്ക് അത്യാവശ്യമായതും പൊതുജനങ്ങൾക്ക് ഉപകാരപ്രദവുമായ പദ്ധതികൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പദ്ധതി ആസൂത്രണത്തിലെ അപാകതകൾ

എ) എസ്.സി.പി ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

പഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങൾക്ക് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വീഴ്ചയുള്ളതായി കാണുന്നു. 2021-22 വർഷം എസ്.സി.പി ഫണ്ടിനത്തിൽ ലഭിച്ച 29,86,240/- രൂപയിൽ 24,00,000/- രൂപയും വി.ഇ.ഒ നിർവ്വഹണം നടത്തിയ 16 പേർക്ക് വീട് മെയിൻ്റനൻസ് (പ്രോജക്റ്റ് നം 30/22) നൽകുന്നതിനായാണ് ചെലവഴിച്ചത്. 2,05,776/-രൂപ വിനിയോഗിക്കാതെ ലാപ്സാവുകയും ചെയ്തു. പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ്, പഠനോപകരണങ്ങൾ. പഠനമുറി , തുടങ്ങിയ പദ്ധതികളൊന്നും 2021-22 വർഷം നടപ്പാക്കിയിട്ടില്ല. കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള വിമുഖതയാണ് ഫണ്ട് മുഴുവനും ഒന്നോ രണ്ടോ പദ്ധതികളിലേക്ക് ചുരുക്കിയിരിക്കുന്നതിന് കാരണമായി കാണുന്നത്. എസ് സി പദ്ധതികൾ നിർവ്വഹണം നടത്തേണ്ട അസിസ്റ്റൻ്റ് സെക്രട്ടറി തൻവർഷം പട്ടികജാതി വിഭാഗക്കാർക്കുവേണ്ടിയുള്ള ഒരു പദ്ധതിപോലും നടപ്പിലാക്കിയിട്ടില്ല. പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിൻ്റെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ബി) ആശ്രയഗുണഭോക്താക്കൾക്ക് വേണ്ടത്ര പരിഗണന നൽകിയില്ല.

പഞ്ചായത്തിലെ ആശ്രയവിഭാഗക്കാരുടെ ഉന്നമനത്തിനും വേണ്ടത്ര പരിഗണന നൽകിയതായി കാണുന്നില്ല. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് നാമമാത്രമായ 2,00,000/- രൂപ ആശ്രയവിഹിതമായി വകയിരുത്തിയത് വീട്മെയിൻ്റനൻസിനായാണ് ചെലവഴിച്ചത് . ഇതിലേക്കായി ആവിഷ്കരിച്ച 44/22 നമ്പർ പദ്ധതി പ്രകാരം 12 പേർക്ക് 15,384/- രൂപ വീതമാണ് നൽകിയത്. ജനറൽ വിഭാഗത്തിലെ ആനുകൂല്യങ്ങൾക്ക് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ ആശ്രയപദ്ധതിയിൽപ്പെട്ടവർക്ക് മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ 132 ആശ്രയ ഗുണഭോക്താക്കളാണ് പഞ്ചായത്തിലുള്ളത് . ഇവർക്ക് ചലഞ്ച് ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യകിറ്റ് നൽകുന്നതൊഴിച്ചാൽ മറ്റ് അടിസ്ഥാന ആവശ്യങ്ങളൊന്നും നിറവേറ്റപ്പെടുന്നില്ല. പോഷകാഹാര കിറ്റുകൾ വിതരണം ചെയ്യുന്നതിൽ മാത്രം പരിമിതപ്പെടുത്താതെ, മറ്റ് അടിസ്ഥാന ആവശ്യങ്ങൾ ( വാസയോഗ്യമായ വീട്, ടോയ്ലെറ്റ് സൗകര്യം) നിറവേറ്റി അഗതികൾ ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിനായി ആത്മാർത്ഥമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 സബ് ബേസ് നിരക്ക് കണക്കാക്കിയത് അപാകത

| | |
|---|---|
| പ്രവൃത്തി | കാർപ്പിള്ളി കാവ് കിഴക്കേപാടം റോഡ് സൈഡ് വൈഡനിംഗ് |
| പ്രോജക്ട് നമ്പർ | 151/21-22 |
| എസ്റ്റിമേറ്റ് | 16,00,000/- |
| കരാറുകാരൻ | പോൾ.പി.എസ് |
| എം. ബുക്ക്. | 209/21-22 |
| ആകെ ചെലവ് | 7,90,277/- Bill No. 382, 21/3/22<br>3,90,471/- Bill No. 110, 4/11/22 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഈ റോഡിൻ്റെ 310 മീറ്റർ നീളത്തിൽ രണ്ട് വശങ്ങളിലുമായി ആകെ 620 മീറ്റർ നീളം 1.5മീറ്റർ വീതിയിൽ സബ് ബേസ് ചെയ്ത് ടൈൽ ഇടുകയാണ് പ്രവൃത്തി. ഈ റോഡിൻ്റെ 50 മീറ്റർ നീളത്തിൽ രണ്ട് വശങ്ങളിലും 0.10 വീതിയിൽ കോൺക്രീറ്റിംഗ് കൂടി ഇതിൽ ഉൾപ്പെടുന്നു. എന്നാൽ എം ബുക്ക് പ്രകാരം റോഡിൻ്റെ രണ്ട് വശങ്ങളിലുമായി ആകെ 1030 മീറ്റർ നീളത്തിൽ ആവറേജ് ഒരു മീറ്റർ വീതിയിൽ താഴെ സബ് ബേസ് ചെയ്ത് ടൈൽ ഇടുകയാണ് ചെയ്തിട്ടുള്ളത്.

ഈ സബ് ബേസ് ചെയ്യുന്നതിന് സ്പെസിഫിക്കേഷൻ Item No. 4.1.A.1 പ്രകാരം (Cost Index 39.89) ഒരു എം3 ന് 2787.25/- രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട് . അത് പ്രകാരം ആകെ 93 M3 X 2787.25/m3 = 2,59,214.15/- രൂപ കണക്കാക്കിയിട്ടുണ്ട്. എംബുക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്തതിന് 94.338 X 2310.63/m3 = 2,17,980/- രൂപ നൽകിയിട്ടുണ്ട്. ഈ സ്പെസിഫിക്കേഷൻ പരിശോധിച്ചതിൽ ഇതിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഒന്നും ഇവിടെ സാധ്യമല്ല എന്ന് കാണുന്നു. ആകെ ഒരു മീറ്ററിൽ താഴെ വീതിയിൽ മാത്രമാണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. ചിലയിടങ്ങളിൽ 0.5 മീറ്ററിൽ കുറവ് വീതിയിലാണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. ആയതിനാൽ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്ന Tractor Mount Grader , Three Wheel Statisc Roller, Tractor With Rotvator എന്നിവ ഒന്നും സാധ്യമല്ല എന്ന് കാണുന്നു. ഇതേ ഇനം പ്രവൃത്തി മറ്റൊരു പ്രൊജക്ടായ (Project നം. 153/22) മുല്ലരിപ്പാടം ഫാം റോഡ് മെയിൻ്റനൻസ് എന്ന

പ്രവൃത്തിക്ക് നല്കിയത് സ്പെസിഫിക്കേഷൻ Od 1357096/20-21 പ്രകാരം (Cost Index 39.89) ഒരു എം3 ന് 1595.81 /- രൂപ മാത്രമാണ് . ഇതേ നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്കും നല്കാവുന്നത്.
ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 24) നൽകിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ല. അധികം നൽകിയ തുക കണക്കാക്കി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അപാകത

1)

| | |
|---|---|
| പ്രവൃത്തി | കാർപ്പിള്ളി കാവ് കിഴക്കേപാടം റോഡ് സൈഡ് വൈഡനിംഗ് |
| പ്രോജക്ട് നമ്പർ | 151/21-22 |
| എസ്റ്റിമേറ്റ് | 16,00,000/- |
| കരാറുകാരൻ | പോൾ.പി.എസ് |
| എം. ബുക്ക് | 209/21-22 |
| ആകെ ചെലവ് | 7,90,277/- Bill No. 382, 21/3/22<br>3,90,471/- Bill No. 110, 4/11/22 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഈ റോഡിന്റെ 310 മീറ്റർ നീളത്തിൽ രണ്ട് വശങ്ങളിലുമായി ആകെ 620 മീറ്റർ, 1.5മീറ്റർ വീതിയിൽ സബ് ബേസ് ചെയ്ത് ടൈൽ ഇടുകയും ഈ റോഡിന്റെ 50 മീറ്റർ നീളത്തിൽ രണ്ട് വശങ്ങളിലും 0.10 വീതിയിൽ കോൺക്രീറ്റിംഗ് ചെയ്യുകയുമാണ് പ്രവൃത്തി.

എന്നാൽ എംബുക്ക് പ്രകാരം റോഡിന്റെ രണ്ട് വശങ്ങളിലുമായി ആകെ 1030 മീറ്റർ നീളത്തിൽ ആവറേജ് ഒരു മീറ്റർ വീതിയിൽ താഴെ സബ് ബേസ് ചെയ്ത് ടൈൽ ഇടുകയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരവും റോഡിന്റെ സ്കെച്ചും ചെയിനേജ് പ്രകാരവും 310 മീറ്റർ റോഡാണ് ടൈൽ ഇട്ട് വീതി കൂട്ടേണ്ടത് എങ്കിലും 505 മീറ്റർ റോഡ് വീതി കൂട്ടിയിരിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിലും അധികം പ്രവൃത്തി ചെയ്തിട്ടുണ്ട്.

2)

| | |
|---|---|
| പ്രവൃത്തി | ആനപ്പാറ എലവന്തി റോഡ് സൈഡ് കെട്ടി സംരക്ഷണം |
| പ്രോജക്ട് നമ്പർ | 135/22 |
| എസ്റ്റിമേറ്റ് | 15,00,000/- |
| കരാറുകാരൻ | സെബാസ്റ്റ്യൻ പോൾ |
| എം. ബുക്ക്. | 135/21-22 |
| ആകെ ചെലവ് | 1,68,623/- Bill No. 12, 30/5/2022<br>9,42,296/- Bill No.418, 29-3-22 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഈ കനാലിന്റെ ഇടത് വശത്ത് 130 മീറ്റർ നീളത്തിലും വലത് വശത്ത് 170 മീറ്റർ നീളത്തിലുമായി ആകെ 300 മീറ്റർ ഫൗണ്ടേഷൻ ഉൾപ്പെടെ കോൺക്രീറ്റിഗ് ചെയ്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുകയാണ് പ്രവൃത്തി. എന്നാൽ എം ബുക്ക് പ്രകാരം ഫൗണ്ടേഷൻ ഒഴിവാക്കുകയും കനാലിന്റെ രണ്ട് വശങ്ങളിലുമായി ആകെ 586 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി സൂപ്പർ സ്ട്രക്ചർ പണിയുകയാണ് ചെയ്തിട്ടുള്ളത്.

ഈ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ കൂടുതൽ നീളത്തിൽ പ്രവൃത്തി ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ശരിയായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 23) നൽകിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ല. മേൽ പറഞ്ഞ രണ്ടു പ്രവർത്തികളിലും എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ വേല നടത്തുവാൻ ഉണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.50134/- രൂപ പ്രതിവർഷം വസ്തുനികുതി നഷ്ടം

എബി വിൽസൺ തളിയത്ത്, കൊററമം നീലീശ്വരം, പോൾ വിൽസൺ തളിയത്ത് കൊററമം നീലീശ്വരം എന്നിവരുടെ ഉടമസ്ഥതയിലുള്ള 3/201/A മുതൽ S വരെയുള്ള കെട്ടിടങ്ങൾക്ക് (19 കെട്ടിട നമ്പറുകൾ) വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗ ക്രമത്തിൽ (90 രൂപ/ച.മീ) ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

ഇതിൽ 3/201/A മുതൽ 3/201/L വരെയുള്ള കെട്ടിടങ്ങൾക്ക് 2021 രണ്ടാം അർദ്ധ വർഷം മുതലും 3/201/M മുതൽ 3/201 S വരെയുള്ള കെട്ടിടങ്ങൾക്ക് 2022 ഒന്നാം അർദ്ധവർഷവുമാണ് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. കെട്ടിട ഉടമ സമർപ്പിച്ച റെഗുലറൈസ്ഡ് കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ Built Up Area 2838.12 ച.മീ ആണ്. ഇതിൽ 694.90 ച.മീ പാർക്കിംഗിനു വേണ്ടി ഉള്ളതാണ്. സെക്കന്റ് ഫ്ലോറും സ്റ്റെയർ റൂമും ചേർത്തുള്ള 753.42 ച.മീ റെഗുലറൈസ് ചെയ്യുന്നതിന് മുമ്പ് സെല്ലാറിന്റേയും(പാർക്കിംഗ്) താഴത്തെ നിലയുടേയും ഒന്നാം നിലയുടേയും തറവിസ്തീർണ്ണം 694.90 ച.മീ വീതമുണ്ടെന്ന് കെട്ടിട ഉടമ വസ്തുനികുതി നിർണ്ണയ റിട്ടേണിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു ശേഷമുള്ള റിട്ടേൺ ലഭ്യമായില്ല. പാർക്കിംഗ് ഒഴിച്ചുള്ള മേൽ തറ വിസ്തീർണ്ണവും റെഗുലറൈസ് ചെയ്ത 753.42 ച.മീയും ചേർത്ത് 2143.22 ച.മീ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്. എന്നാൽ വസ്തുനികുതി അസസ്സ്മെന്റ് ഡീറ്റെയ്ൽസ് പ്രകാരം 1669.33 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നികുതി അസസ്സ് ചെയ്ത തറവിസ്തീർണ്ണം | വസ്തുനികുതി നിർണ്ണയിച്ച ഒരോ നിലയിലേയും ആകെ തറ വിസ്തീർണ്ണം | റഗുലറൈസ്ഡ് കംപ്ലീഷൻ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം | വ്യത്യാസം | വസ്തുനികുതി നഷ്ടം |
|---|---|---|---|---|---|---|
| 1 | 3/201/A | താഴത്തെ നില = 93.16 ച.മീ | താഴത്തെ നില ആകെ = 414.4 | താഴത്തെ നില ആകെ = 694.90 ച.മീ | 280.5ച.മീ കുറവ് | 280.5 X 90 = 25245 + 5049 (20% വഴി സൌകര്യം വർദ്ധനവ്) = 30294 |
| 2 | 3/201/B | താഴത്തെ നില = 99.28 ച.മീ | | | | |
| 3 | 3/201/C | താഴത്തെ നില = 102 ച.മീ | | | | |
| 4 | 3/201/D | താഴത്തെ നില = 108.8 ച.മീ | | | | |
| 5 | 3/201/E | താഴത്തെ നില = 11.16 ച.മീ | | | | |
| 6 | 3/201/F | ഒന്നാമത്തെ നില = 301.19 ച.മീ | ഒന്നാമത്തെ നില ആകെ = 501.53 ച.മീ | ഒന്നാമത്തെ നില ആകെ = 694.90 ച.മീ | 193.37 ച.മീ കുറവ് | 193.37 X 90 = 17403.3 + 3480.66(20% വഴി സൌകര്യം വർദ്ധനവ്) = 20883.96 – 1044.2(5% ബഹുനില വാണിജ്യാവശ്യം ഇളവ്) = 19840 |
| 7 | 3/201/G | ഒന്നാമത്തെ നില = 38.08 ച.മീ | | | | |
| 8 | 3/201/H | ഒന്നാമത്തെ നില = 39.44 ച.മീ | | | | |
| 9 | 3/201/I | ഒന്നാമത്തെ നില = 19.93 ച.മീ | | | | |
| 10 | 3/201/J | ഒന്നാമത്തെ നില = 19.93 ച.മീ | | | | |
| 11 | 3/201/K | ഒന്നാമത്തെ നില = 41.48 ച.മീ | | | | |
| 12 | 3/201/L | ഒന്നാമത്തെ നില = 41.48 ച.മീ | | | | |
| 13 | 3/201/M | രണ്ടാമത്തെ നില = 452.32 ച.മീ | രണ്ടാമത്തെ നില ആകെ = 753.4 ച.മീ | രണ്ടാമത്തെ നില ആകെ = 694.90 ച.മീ | 58.52 ച.മീ കൂടുതൽ | |
| 14 | 3/201/N | രണ്ടാമത്തെ നില = 54.87 ച.മീ | | | | |
| 15 | 3/201/O | രണ്ടാമത്തെ നില = 56.23 ച.മീ | | | | |
| 16 | 3/201/P | രണ്ടാമത്തെ നില = 36.72 ച.മീ | | | | |
| 17 | 3/201/Q | രണ്ടാമത്തെ നില = 36.72 | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | ച.മീ | | | | |
| 18 | 3/201/R | രണ്ടാമത്തെ നില = 58.27 ച.മീ | | | | |
| 19 | 3/201/S | രണ്ടാമത്തെ നില = 58.27 ച.മീ | | | | |
| | | | - | സ്റ്റെയർ റൂം = 58.52 ച.മീ | | |
| ആകെ | | | 1669.33 ച.മീ | 2143.22 ച.മീ | | 50134 |

473.89 ച.മീ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കാഞ്ഞതിനാൽ 50134/- രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ട് (എൽ.സി ഉൾപ്പെടാതെ). 3/291/E കെട്ടിടത്തിന്റെ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം 110.16 ച.മീ ആണെങ്കിലും സഞ്ചയയിൽ ചേർത്തത് 11.16 എന്നാണ്. ഈ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം തെറ്റായ ഡാറ്റാ എൻട്രി ചെയ്യതിലൂടെ മാത്രം 10692/- രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ട്. രണ്ടാം നിലയുടെ ആകെ തറവിസ്തീർണ്ണം പ്ലാൻ പ്രകാരം 694.90 ച.മീ ആണെങ്കിലും 753.42 ച.മീ ആക്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ആയതിനാൽ 58.52 ച.മീ തറവിസ്തീർണ്ണത്തിന് അധികമായി ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് നൽകിയിട്ടുണ്ട്. അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (13/2-2-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ 2 പ്രാവശ്യം തുക നൽകി -അധികം നൽകിയ തുക 6133/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം/പേര് | 37/22, അനുപൂരക പോഷകാഹാരം |
| അടങ്കൽ തുക (ഫണ്ട്) | 1) 12,29,979 (വികസന ഫണ്ട് - ജനറൽ)<br>2) 8,00,000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>3) 3,50,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ : 23,79,979 |
| ചെലവ് തുക | 1)12,29,979 (വികസന ഫണ്ട് - ജനറൽ)<br>2) 7,28,720 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>3) 10,776 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ :19,69,475 |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം ആകെ 19,69,475/- രൂപ 2021-22 വർഷം ചെലവ് വന്നിട്ടുണ്ട്.

ഇതിൽ കേന്ദ്ര ഫണ്ടിനത്തിൽ ചെലവഴിച്ച 7,28,720/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് ചെക്ക് മുഖേന മാറിയിട്ടുണ്ട്. എന്നാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ സപ്ലൈകോയിൽ നിന്നുള്ള ഒരേ ബിൽ അനുസരിച്ച് തന്നെ 2 പ്രാവശ്യം തുക നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

താഴെപ്പറയുന്ന പട്ടിക 1 പ്രകാരം സാധനങ്ങൾ Transport ചെയ്യുന്നതിന് ക്വട്ടേഷൻ എടുത്ത Ojus Nutrimix Activity Group ന് ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ കേന്ദ്രവിഹിതത്തിൽ നിന്നും 30.07.2021 ൽ തുക നൽകിയിട്ടുണ്ട്.

പട്ടിക 1

| ക്രമ നം | അളവ് (കി.ഗ്രാം) | സപ്ലൈകോ ബിൽ നം | നിരക്ക് | Ojus Nutrimix ന് കൈമാറിയ | ചെക്ക് നം/തിയതി/തുക |
|---|---|---|---|---|---|

| | | | | തുക | |
|---|---|---|---|---|---|
| 1 | 650 | 0701109/21216/28.06.2021 | 1.9 | 1235 | |
| 2 | 3228 | 070110921215,തീ:28.06.2021 | 1.9 | 6133 | |
| | | ആകെ | | 7368 രൂപ | 508495(SBI-6786)/ 30.07.2021 (7368/-) |

പട്ടിക 2

| ക്രമ നം | ചെക്ക് നം/തിയതി | തുക |
|---|---|---|
| 1 | 307780/30.03.2022 (മഞ്ഞപ്ര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A/c No.322 ൽ നിന്ന് - കേന്ദ്ര വിഹിതം) | 9299 |
| 2 | ബ്ലോക്ക് വിഹിതം/31.03.2022 ( ബ്ലോക്ക് നേരിട്ട് കക്ഷിക്ക് ട്രാൻസ്ഫർ ചെയ്തതിനാൽ ബിൽ നം.ഇല്ല) | 10776 |
| | ആകെ | 20075 |

മേൽ പട്ടിക 2 പ്രകാരം ചെലവഴിച്ച തുകയുടെ വൗച്ചറുകളുടെ വിവരങ്ങൾ പട്ടിക 3 ൽ കാണിച്ചിരിക്കുന്നു.ടി തുക ട്രാൻസ്പോർട്ടേഷന് പുതിയ കരാർ എടുത്ത ശ്രീമതി.പ്രേമ രതീഷിനാണ് നൽകിയത്.

പട്ടിക 3

| ക്രമ നം | സപ്ലൈകോ ബിൽ നം | അളവ് (കി.ഗ്രാം) | നിരക്ക് | തുക |
|---|---|---|---|---|
| 1 | 0701109/21215/28.06.2021 | 3228 | 1.9 | 6133 |
| 2 | 0701109/21401/28.07.2021 | 600 | 1.9 | 1140 |
| 3 | 0701109/21485/20.09.2021 | 2179 | 2 | 4358 |
| 4 | 0701109/21656/12.11.2021 | 650 | 2 | 1300 |
| 5 | 0701109/21762/31.01.2022 | 650 | 2 | 1300 |
| 6 | 0701109/21761/31.01.2022 | 2922 | 2 | 5844 |
| | ആകെ തുക | | | 20075 |

പട്ടിക 1 ലെ ക്രമ നം. 2 പ്രകാരമുള്ള ബില്ലും പട്ടിക 3 ലെ ക്രമ നം 1 പ്രകാരമുള്ള ബില്ലും ഒന്നുതന്നെയാണെന്ന് കാണാവുന്നതാണ്.അതായത് Ojus Nutrimix Group ന് ആദ്യമേ നൽകി കഴിഞ്ഞ 6133/- രൂപ പ്രേമ രതീഷിന്റെ അക്കൗണ്ടിലേയ്ക്ക് വീണ്ടും തെറ്റായി ട്രാൻസ്ഫർ ചെയ്യപ്പെട്ടു . ടി തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.അതു വരെ ടി തുക നിരാകരിക്കുന്നു.

മാത്രമല്ല പട്ടിക 3 ലെ ക്രമ നം. 2 പ്രകാരമുള്ള തുക 1140/- രൂപ Ojus Nutrimix ന കൈമാറേണ്ട തുകയാണ്. (കിലോയ്ക്ക് 1.90 രൂപ പ്രകാരം). ടി തുക പ്രേമ രതീഷിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/02.02.2023) മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | 01.04.2021 ലെ മുന്നിരിപ്പ് | 2021-22ൽ ലഭിച്ച തുക | ആകെ പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 74,226 | 3,82,225 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S 36/22) | 3,82,225 | 74,226 |
| | | 10,776 | അനുപൂരക പോഷകാഹാരം ( S 37/22) | 10,776 | |
| | | 2,11,400 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം അധിക വിഹിതം(S 204/22) | 2,11,400 | |
| | | 2,00,000 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ ( S 115/22) | 2,00,000 | |
| | | 1,68,333 | ലൈഫ് ഭവനപദ്ധതി -പട്ടിക വിഭാഗം | 1,68,333 | |
| | | 3,63,259 | ലൈഫ് ഭവനപദ്ധതി -ജനറൽ | 3,63,259 | |
| ബ്ലോക്ക് പഞ്ചായത്ത് ആകെ വിഹിതം | | 13,35,993 | | 13,35,993 | |
| | | 5,37,372 | നെൽകൃഷിക്ക് കൂലിച്ചെലവ് (S 40/22) | 5,37,372 | |
| | | 62,000 | പാൽ സബ്സിഡി (S 24/22) | 62,000 | |
| | | 2,11,400 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം അധിക വിഹിതം(S 204/22) | 2,11,400 | |
| | | 3,82,225 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 3,82,225 | |

| | | | | | |
|---|---|---|---|---|---|
| | | | (S 36/22) | | |
| ആകെ ജില്ലാ പഞ്ചായത്ത് | 0 | 11,92,997 | | 11,92,997 | 0 |
| ആകെ സംയുക്ത വിഹിതം | 74,226 | 25,28,990 | | 25,28,990 | 74,226 |

വാർഷിക കണക്ക് പ്രകാരം ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 94,333/- രൂപയാണ്. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തു ഫണ്ടുകളുടെ ലെഡ്ജർ പ്രകാരം ആകെ നീക്കിയിരിപ്പ് 74,726/- രൂപ മാത്രമാണ്. 19,607/-രൂപ അക്കൗണ്ടിൽ ഡയറക്ട് ക്രെഡിറ്റായതായി കാണുന്നു. മുൻവർഷങ്ങളിൽ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും ചെലവഴിക്കുകയും എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങൾ തെറ്റായതുമൂലമോ, മറ്റ് കാരണങ്ങളാലോ ക്രെഡിറ്റാവാതെ, ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുക EPOC Clearance മുഖേന തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതാണിത് .

വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് യഥാസമയം പരിശോധിച്ചുറപ്പാക്കേണ്ടത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരാണ്. അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയതിലുള്ള തെറ്റുകൾ യഥാസമയം ട്രഷറി അധികൃതരെ അറിയിച്ച് തെറ്റുതിരുത്തിയിരുന്നുവെങ്കിൽ ഇത്തരത്തിൽ ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിക്കുന്ന തുക യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സുലേഖ ചെലവുപത്രിക പ്രകാരം ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 13,35,993/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ആകെ വരവ് 13,25,217/- രൂപ മാത്രമാണ് (RP7 & I6 പ്രകാരം).വ്യത്യാസത്തിന് കാരണമറിയിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 107/22-കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | XVFC/2021-22 /P/29/26.03.22 | 12,05,000 | 0 | 12,05,000 |
| | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യൽ | XVFC/2021-22 /P/29/26.03.22 | 1,90,000 | 0 | 1,90,000 |
| | | | 13,95,000 | 0 | 13,95,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)111/2018/LSGD 13.08.2018 | 42,34,304 | 6,42,466 | - | 35,91,838 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 3338/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 3-4 | 3338 | പോൾ പി പി, കോൺട്രാക്ടർ | 121020103591 തീയതി 05.02.2022 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 | 52 | 2000-01 | IV-57(d) | വള്ളിക്കത്തോട് - കോഴികുളം റോഡ് സൈഡ് കെട്ടൽ | തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 727,55,771 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,23,65,616 |
| വരവിനങ്ങളിലുള്ള നഷ്ടം | 50,134 |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,133 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,79,281 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-11 (2-1) | 50,134 | | മധുസൂദനൻ.ടി.ജി. സെക്രട്ടറി |
| 1-24(3-1) | | 6,133 | സീന ഉത്തമൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 13,95,000 | മധുസൂദനൻ.ടി.ജി. സെക്രട്ടറി |

| | | |
|---|---|---|
| 1-19 | 3921 | മധുസൂദനൻ.ടി.ജി.<br>സെക്രട്ടറി |
| 1-20 | 7,70,000 | അമ്പിളി.കെ.എം, വി.ഇ.ഒ |
| 1-21 | 42,588 | അബ്ദുൾ ഹക്കീം.യു,<br>സെക്രട്ടറി |
| 1- 22-I | 78470 | ഡോ.ലിജാ ദിവാകരൻ<br>മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ<br>മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| 1-22-II-1 | 32112 | ” |
| 1-22-II-2 | 86565 | ” |
| 1-22-III | 935 | ” |
| 1- 23 | 49,000 | ഡോ.ലിജാ ദിവാകരൻ<br>മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ<br>മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| 1-24 | 420690 | അബ്ദുൾ ഹക്കീം.യു,<br>സെക്രട്ടറി |
| ആകെ | 2879281 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീന ഉത്തമൻ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | സീന ഉത്തമൻ,<br>കയ്യുന്നിമിത്തൽ വീട്,<br>കക്കോടി പി.ഓ,<br>കോഴിക്കോട് |
| മധുസൂദനൻ.ടി.ജി,<br>സെക്രട്ടറി | വിരമിച്ചു | ശ്രീനിലയം,<br>നമ്പിള്ളി, ഒക്കൽ,<br>ചേലാമറ്റം. |
| അമ്പിളി.കെ.എം.<br>വി.ഇ.ഒ | വി.ഇ.ഒ, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | വള്ളോപ്പിള്ളി വീട്,<br>ശ്രീമൂലനഗരം.പി.ഒ |
| ഡോ. ലിജ ദിവാകരൻ | എഫ്.എച്ച്.സി<br>മഞ്ഞപ്ര<br>ഗ്രാമപഞ്ചായത്ത് | മന്നാംകുടി ഹൗസ്,<br>അങ്കമാലി പി.ഒ,<br>എറണാകുളം |
| അബ്ദുൾ ഹക്കീം.യു,<br>സെക്രട്ടറി | സെക്രട്ടറി കീഴ്ലാട് ഗ്രാമപഞ്ചായത്ത് | സുഹൈൽ മൻസിൽ,<br>ചന്തപ്പുര,വടക്കഞ്ചേരി<br>പി.ഓ,<br>പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |

| | |
|---|---|
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 – 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |
| 2000-01 | എൽ.എഫ്.ഇ.(പി4)441/05 – 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 -20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 – 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 – 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 – 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 – 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 – 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 – 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി4എ) 1001/2016 - 27.06.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി4) 2204/2016 – 24.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി4) 1814/2017 – 16.09.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി4) 151/2019 – 19.03.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി4) 1207/2019 – 05.09.2019 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി4) 1810/2021 – 09.02.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി4) 1811/2021 – 09.02.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്